"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശുവികസന വകുപ്പ്- അങ്കണവാടികളിൽ നിന്നും സ്കൂളുകളിലേക്ക് മാറുന്ന കുട്ടികൾക്കുള്ള ECCE സർട്ടിഫിക്കറ്റ് ഗവ.പ്രസ്സ്/സി-ആപ്റ്റ് മുഖേന പ്രിന്റ് ചെയ്യുന്നതിനും, കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.217/2026/WCDD തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-
1. കേന്ദ്രസർക്കാരിന്റെ 25/08/2025 തീയതിയിലെ F.No.CD-I/1/2025-CPMU(e-120234) നമ്പർ കത്ത്
2. വനിതാ-ശിശു വികസന ഡയറക്ടറുടെ 02/05/2026 തീയതിയിലെ DWCD/5307/2025-ICDSB2 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടി കേന്ദ്രങ്ങളിൽ നിന്നും പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പ്രൈമറി/ഒന്നാം ക്ലാസിലേക്ക് മാറുന്ന കുട്ടികൾക്ക് ഒരു ഏകീകൃത മാതൃകയിലെ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം VIDYARAMBH, Early Childhood Care and Education Certificate (ECCE) നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി സ്കൂൾ വിദ്യാഭ്യാസത്തിലേയ്ക്കുള്ള കുട്ടികളുടെ മാറ്റം സുഗമമാക്കുന്നതിനും, അങ്കണവാടികളിൽ അവർ നേടിയ Early Childhood care and Education നെക്കുറിച്ച് മനസിലാക്കുന്നതിനും ടി സർട്ടിഫിക്കറ്റ് ഉപകാരപ്പെടുന്നതായിരിക്കും. പ്രസ്തുത സർട്ടിഫിക്കറ്റ് ഐഡിയിൽ 10 അക്കങ്ങൾ ഉണ്ടായിരിക്കണമെന്നും, ആദ്യത്തെ 4 അക്കങ്ങൾ അങ്കണവാടി സെന്റർ കോഡിന്റെ ആദ്യ 4 അക്കങ്ങളും, അതിനുശേഷം കുട്ടിയുടെ APAAR ഐഡിയുടെ അവസാന 4 അക്കങ്ങളും, തുടർന്ന് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്ത വർഷത്തിന്റെ അവസാന 2 അക്കങ്ങളും ആയിരിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട് .

(2) പ്രസ്തുത സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ C-apt ചുവടെ ചേർക്കും പ്രകാരം സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട് .

1. Paper Size - A4

2. Page - 1Page

3. Paper - 220 GSM JK White card

4. Printing - S/S, Multi colour, common matter only

5. Binding - Packing

(3) ഒരു സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിന് 4.15/-രൂപ ചെലവ് വരുന്നതായും, പേജിലും എണ്ണത്തിലും വലുപ്പത്തിലും വരുന്ന വ്യതിയാനത്തിനനുസരിച്ച് നിരക്കിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതാണെന്നും ജി.എസ്.റ്റിയുടെ നിരക്ക് ഗവൺമെന്റിന്റെ ജി.എസ്.റ്റി റൂൾ/ഉത്തരവുകൾക്ക് അനുസൃതമായി കണക്കാക്കുന്നതാണെന്നും വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

(4) സംസ്ഥാനത്ത് വനിതാ-ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ മുഖേന ടി സർട്ടിഫിക്കറ്റ് കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനും, ആയതിനാവശ്യമായ തുക 2026-27 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിനും, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ സി-ആപ്റ്റ് അറിയിച്ചിട്ടുള്ള നിരക്കായ 4.15/- രൂപയോടൊപ്പം ഗവൺമെന്റിന്റെ ജി.എസ്.റ്റി റൂൾ/ഉത്തരവുകൾക്ക് അനുസൃതമായുള്ള ജി.എസ്.റ്റി നിരക്ക് ഉൾപ്പെടെ ഗവ.പ്രസ്സ്/സി-ആപ്റ്റ് മുഖേന പ്രസ്തുത സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം(2) പ്രകാരം വനിതാ-ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അങ്കണവാടികൾ മുഖേന 'വിദ്യാരംഭം' സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. VIDYARAMBH; Early Childhood Care and Education Certificate വിതരണം ചെയ്യുന്നതിനാവശ്യമായ തുക 2026-27 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിനും, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ സി ആപ്റ്റ് അറിയിച്ചിട്ടുള്ള നിരക്കായ 4.15/-രൂപയോടൊപ്പം ഗവൺമെന്റിന്റെ ജി.എസ്.റ്റി റൂൾ/ഉത്തരവുകൾക്ക് അനുസൃതമായുള്ള ജി.എസ്.റ്റി നിരക്ക് ഉൾപ്പെടെ ഗവ.പ്രസ്സ്/സി ആപ്റ്റ് മുഖേന പ്രസ്തുത സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുമുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 23-06-2026 11:25:34

സെക്ഷൻ ഓഫീസർ